കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-18 വർഷത്തെ റീജിയണൽ സരസ് മേള നടത്തിപ്പിനായി തുക അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിനും മലപ്പുറം ജില്ലയിലെ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കും അനുമതി നൽകി ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)നം.3104/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 21.09.2017.

==========

പരാമർശം: 1. സ.ഉ.(സാധാ)നം.2790/2017/തസ്വഭവ തീയതി 13-08-2017.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29-07-2017 തീയതിയിലെ 5395/എം/2017/കെഎസ്എച്ച്ഒ നമ്പർ കത്ത്.

ഉത്തരവ്

2017-18 വർഷത്തെ റീജിയണൽ സരസ് മേള ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ മലപ്പുറം ജില്ലയിൽ വച്ച് കുടുംബശ്രീ മുഖേന ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ആവശ്യത്തിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ച 35 ലക്ഷം രൂപയ്ക്ക് പുറമേ അധിക തുക കൂടി ആവശ്യമായിരിക്കുന്നുവെന്നും ആയതിനാൽ മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10000/- രൂപാ വീതവും മലപ്പുറം മുൻസിപ്പാലിറ്റിയിൽ നിന്നും 3 ലക്ഷം രൂപയും മേളയുടെ നടത്തിപ്പിനായി അനുവദിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2017-2018 വർഷത്തെ സരസ് മേളയുടെ നടത്തിപ്പിനോടനുബന്ധിച്ച ചെലവുകൾക്കായി മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10000/- രൂപാ വീതവും മലപ്പുറം മുൻസിപ്പാലിറ്റിയിൽ നിന്നും 3 ലക്ഷം രൂപയും നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മിനി മോൾ.ഡി

ഡെപ്യൂട്ടി സെക്രട്ടറി

To

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത് .
നഗരസഭാ സെക്രട്ടറി, മലപ്പുറം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ